# സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ

## പുറപ്പെടുവിക്കുന്ന നടപടിക്രമം

(ഹാജർ : ശ്രീ. എസ്.എച്ച് ജയകേശൻ)

**നമ്പർ.ഇ(2)5291 /2021/എസ്.സി.ഇ.സി തീയതി : 01.01.2022**

വിഷയം: കേരള കേരകർഷക സഹകരണ ഫെഡറേഷൻ (കേരഫെഡ്) ക്ലിപ്തം നമ്പർ. 4370 ഭരണസമിതി തെരഞ്ഞെടുപ്പ് -പ്രസിഡന്റ്/ വൈസ് പ്രസിഡന്റ്, നിയമാവലി പ്രകാരമുള്ള മറ്റു ഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പ്-ഇലക്ടറൽ ആഫീസറെയും വരണാധികാരിയെയും നിയമിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. ടി സംഘം ഭരണസമിതിയുടെ 06.12.2021-ലെ 1-ാം നമ്പർ തീരുമാനം

2. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ 23.12.2021-ലെ റ്റി.എം(2) 9337/2021 നമ്പർ കത്ത്

3. സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ 13.08.2020-ൽ ലഭ്യമാക്കിയിട്ടുള്ള **കോവിഡ്-19 നിർവ്യാപനത്തിനായി പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ**

**ഉത്തരവ്**

4370-ാം നമ്പർ കേരള കേരകർഷക സഹകരണ ഫെഡറേഷൻ (കേരഫെഡ്) ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് 07.02.2022-ാം തീയതി പകൽ 10 മണി മുതൽ 4 മണി വരെ തിരുവനന്തപുരം വെള്ളയമ്പലത്തുള്ള കേരഫെഡ് ഹെഡ് ആഫീസിൽ വച്ച് നടത്തുന്നതിന് പരാമർശം 1 പ്രകാരം സംഘം ഭരണസമിതി തീരുമാനിച്ച് അപേക്ഷ സൂചന 2 പ്രകാരം കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ മുഖേന ശുപാർശ ചെയ്ത് സമർപ്പിച്ചിരിക്കുന്നു. ടി സംഘം ബൈല 7. i. (b) പ്രകാരം ജില്ല സഹകരണ ബാങ്ക് പ്രസിഡന്റ് /ചെയർമാൻമാരെ പ്രതിനിധീകരിച്ച് മൂന്ന് പ്രതിനിധികളെ തെരഞ്ഞെടുക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും നിലവിലെ നിയമപ്രകാരവും ജില്ല സഹകരണ ബാങ്കുകളുടെ അഭാവത്തിലും ടി മൂന്ന് അംഗങ്ങളെ തെരഞ്ഞെടുക്കുവാൻ നിയമപരമായി കഴിയാത്തതാണ്.

പ്രസ്തുത സാഹചര്യത്തിൽ മേൽ അപേക്ഷ പരിഗണിച്ചുകൊണ്ട്, 1969-ലെ കേരള സഹകരണ സംഘം ആക്റ്റ് വകുപ്പ് 28 ബി, ചട്ടം 35A ഉപ ചട്ടം (2),(4), ചട്ടം 43 ഉപചട്ടം (2) എന്നിവ പ്രകാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം വിനിയോഗിച്ച് 4370-ാം നമ്പർ കേരള കേരകർഷക സഹകരണ ഫെഡറേഷൻ (കേരഫെഡ്) ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി തെരഞ്ഞെടുപ്പ് 07.02.2022-ാം തീയതി പകൽ 10 മണി മുതൽ 4 മണി വരെ തിരുവനന്തപുരം വെള്ളയമ്പലത്തുള്ള കേരഫെഡ് ഹെഡ് ആഫീസിൽ വച്ച് നടത്തുന്നതിനും, ടി തെരഞ്ഞെടുപ്പ് നടത്തുന്നതിന് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടറെ(പ്ലാനിംഗ്) ഇലക്ട്രൽ ആഫീസറായും, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി ഡെപ്യൂട്ടി ഡയറക്ടറെ(മാർക്കറ്റിംഗ്) വരണാധികാരിയായും നിയമിച്ച് കൊണ്ടും ഇതിനാൽ ഉത്തരവാകുന്നു. വരണാധികാരിയായ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി ഡെപ്യൂട്ടി ഡയറക്ടറെ(മാർക്കറ്റിംഗ്) പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, നിയമാവലി പ്രകാരമുള്ള മറ്റു ഭാരവാഹികൾ എന്നിവരുടെ തെരഞ്ഞെടുപ്പ് നടത്തുന്നതിനായി പ്രിസൈഡിംഗ് ആഫീസറായും നിയമിച്ച് ഉത്തരവാകുന്നു.

**ടി തെരഞ്ഞെടുപ്പ്, സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പ് സുരക്ഷിതമായി നടത്തുന്നതിന് സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച കൊവിഡ്-19 നിർവ്യാപന മാർഗ്ഗനിർദ്ദേശങ്ങളിലെ എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും കേന്ദ്ര/സംസ്ഥാന സർക്കാരുകൾ, സംസ്ഥാന/ജില്ല ദുരന്ത നിവാരണ അതോറിറ്റികൾ എന്നിവ പുറപ്പെടുവിച്ചതും പുറപ്പെടുവിക്കുന്നതുമായ മാർഗ്ഗനിർദ്ദേശങ്ങളും പൂർണ്ണമായി പാലിച്ചുകൊണ്ടു മാത്രം നടത്തേണ്ടതാണ്. എന്നാൽ കോവിഡ്-19 നിർവ്യാപനത്തിനായി കൂടുതൽ കർശനമായ മാർഗ്ഗനിർദ്ദേശങ്ങൾ ടി തെരഞ്ഞെടുപ്പിന് മുൻപായി കേന്ദ്ര/സംസ്ഥാന സർക്കാരുകളോ, സംസ്ഥാന/ജില്ല ദുരന്ത നിവാരണ അതോറിറ്റികളോ പുറപ്പെടുവിക്കുന്ന പക്ഷം ടി തെരഞ്ഞെടുപ്പ് നടപടികൾ പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയവും അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വസ്തുതാ വിവരണ റിപ്പോർട്ട്, അതാത് സംഗതിയിൽ, ഇലക്ട്രൽ ആഫീസർ/വരണാധികാരി സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കേണ്ടതുമാണ്. ടി കൊവിഡ്-19 നിർവ്യാപന മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നതിനുള്ള പൂർണ്ണ ഉത്തരവാദിത്തം ഇലക്ട്രൽ ആഫീസറിൽ നിക്ഷിപ്തമായിരിക്കുന്നതാണ്. സഹകരണ സംഘങ്ങളിലെ തെരഞ്ഞെടുപ്പിനായി സർക്കാർ പുറപ്പെടുവിച്ച കോവിഡ്-19 മാർഗ്ഗനിർദ്ദേശങ്ങൾ ഉത്തരവിനോടൊപ്പം അനുബന്ധിച്ചിട്ടുണ്ട്.**

വോട്ടർപട്ടികയിൽ അഞ്ഞൂറിൽ കൂടുതൽ അംഗങ്ങളുള്ള സംഘങ്ങളിൽ തെരഞ്ഞെടുപ്പ് വിജ്ഞാപനം (അതിലെ കുറിപ്പ് ഭാഗം ഒഴിവാക്കി) സംഘത്തിന്റെ പ്രവർത്തന പരിധിയിൽ പ്രചുര പ്രചാരമുള്ള രണ്ടു ദിനപ്പത്രങ്ങളിൽ 03-01-2022-ാം തീയതിക്കോ അതിനു മുൻപോ തെരഞ്ഞെടുപ്പ് കമ്മീഷനുവേണ്ടി ഇലക്ടറൽ ആഫീസർ പ്രസിദ്ധീകരിച്ചിരിക്കേണ്ടതാണ്. വോട്ടർപട്ടികയിൽ അഞ്ഞൂറിൽ കുറവ് അംഗങ്ങളുള്ള സഹകരണ സംഘങ്ങളിൽ ഓരോ അംഗത്തിനും വിജ്ഞാപനം കൈപ്പറ്റു രസീത് സഹിതം രജിസ്ട്രേർഡ് പോസ്റ്റിലോ/സ്പീഡ് പോസ്റ്റിലോ/ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയോ/ കേരള സർക്കാരോ അംഗീകരിച്ചിട്ടുള്ള കൊറിയർ സർവ്വീസിലോ/നേരിട്ടോ നൽകി കൈയൊപ്പു വാങ്ങിയോ അറിയിപ്പ് നൽകേണ്ടതാണ്. വിജ്ഞാപനത്തിന്റെ പകർപ്പ് സംഘത്തിന്റെ ഹെഡ് ആഫീസിലെയും ബ്രാഞ്ചുകളിലെയും നോട്ടീസ് ബോർഡുകളിൽ പതിക്കേണ്ടതാണ്. കേരള സഹകരണ സംഘം ആക്റ്റ്, ചട്ടങ്ങൾ, സംഘം നിയമാവലി എന്നിവയിലെ വ്യവസ്ഥകൾ അനുസരിച്ച് സംഘത്തിലെ മുഖ്യ കാര്യദർശി, ഇലക്ട്രൽ ആഫീസർ, വരണാധികാരി എന്നിവർ തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

തെരഞ്ഞെടുപ്പ് ഫലപ്രഖ്യാപനത്തിന് ശേഷം ഒരാഴ്ചയ്ക്കകം, വരണാധികാരിയിൽ നിന്നും ലഭിച്ച തെരഞ്ഞെടുപ്പ് ഫലം, തെരഞ്ഞെടുപ്പ് സംബന്ധിച്ച് സംഘം മുഖ്യകാര്യദർശിയിൽ നിന്നും ലഭിച്ച ചെലവ് സ്റ്റേറ്റ്മെന്റ് എന്നിവ ഇലക്ടറൽ ആഫീസർ സാക്ഷ്യപ്പെടുത്തി സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷണർക്ക് സമർപ്പിക്കേണ്ടതാണ്.

സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ

ഇലക്ടറൽ **ആഫീസർ/** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടർ(പ്ലാനിംഗ്)
**വരണാധികാരി/** കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി ഡെപ്യൂട്ടി ഡയറക്ടർ(മാർക്കറ്റിംഗ്)
പകർപ്പ് 1. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ, വികാസ് ഭവൻ, തിരുവനന്തപുരം- 33

2. സെക്രട്ടറി/ കേരള കേരകർഷക സഹകരണ ഫെഡറേഷൻ (കേരഫെഡ്) ക്ലിപ്തം നമ്പർ. 4370

# സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ
# തെരഞ്ഞെടുപ്പ് വിജ്ഞാപനം

(1969-ലെ കേരള സഹകരണ ചട്ടം 35 എ (3) പ്രകാരം പുറപ്പെടുവിക്കുന്നത്)

**നം. ഇ (2)5343/2021/എസ്.സി.ഇ.സി** **തിരുവനന്തപുരം, 01.01.2022**

4370-ാം നമ്പർ കേരള കേരകർഷക സഹകരണ ഫെഡറേഷൻ (കേരഫെഡ്) ക്ലിപ്തത്തിന്റെ പുതിയ ഭരണസമിതി അംഗങ്ങളെ തെരഞ്ഞെടുക്കുന്ന നടപടികൾക്കായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി അഡീഷണൽ ഡയറക്ടറെ(പ്ലാനിംഗ്) ഇലക്ട്രൽ ആഫീസറായും, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കൃഷി ഡെപ്യൂട്ടി ഡയറക്ടറെ(മാർക്കറ്റിംഗ്) വരണാധികാരിയായും നിയമിച്ച് ഇതേ നമ്പരിലും തീയതിയിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്.തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദവിവരങ്ങൾ സംഘത്തിലെ എല്ലാ അംഗങ്ങളുടേയും പൊതു അറിവിലേക്കായി ഇതിനാൽ വിജ്ഞാപനം ചെയ്യുന്നു.

## തെരഞ്ഞെടുപ്പ് വിശദാംശങ്ങൾ

1. തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകളുടെ എണ്ണം നിലവിലെ നിയമ പ്രകാരം : 10 (പത്ത്)

2 സഹകരണ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെടേണ്ട വിഭാഗങ്ങൾ :

| ക്രമ നം | മണ്ഡലം | തെരഞ്ഞെടുപ്പിലൂടെ നികത്തപ്പെടേണ്ട ഒഴിവുകൾ |
|---|---|---|
| 1 | കേരള കേരകർഷക സഹകരണ ഫെഡറേഷൻ ക്ലിപ്തം നമ്പർ 4370-ൽ(കേരഫെഡ്) അഫിലിയേഷനുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകൾ പ്രാഥമിക സഹകരണ മാർക്കറ്റിംഗ് സംഘങ്ങൾ എന്നിവയുടെ പ്രസിഡന്റ് /ചെയർമാൻ എന്നിവരിൽ നിന്നും ദക്ഷിണ, മദ്ധ്യ, ഉത്തര മേഖലകളിൽ നിന്നും രണ്ട് അംഗങ്ങൾ വീതം . | 6 |
| 2 | കേരാഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകൾ പ്രാഥമിക സഹകരണ മാർക്കറ്റിംഗ് സംഘങ്ങൾ എന്നിവയുടെ ഭരണസമിതി അംഗങ്ങളിൽ നിന്നും പട്ടികജാതി പട്ടികവർഗ്ഗ സംവരണം പ്രകാരം ഒരു അംഗം | 1 |
| 3 | കേരാഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പ്രാഥമിക സഹകരണ കാർഷിക വികസന ബാങ്കുകൾ പ്രാഥമിക സഹകരണ മാർക്കറ്റിംഗ് സംഘങ്ങൾ എന്നിവയുടെ ഭരണസമിതി അംഗങ്ങളിൽ നിന്നും വനിത സംവരണം പ്രകാരം മൂന്ന് അംഗങ്ങൾ | 3 |
| | ആകെ | 10 |

3. പ്രാഥമിക വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും : 03-01-2022പകൽ 11 മണിക്ക് സംഘം ആഫീസ് നോട്ടീസ് ബോർഡിൽ

4. വോട്ടർ പട്ടികയിലെ തടസവാദങ്ങൾ സമർപ്പിക്കുന്നതിനുള്ള തീയതികൾ : 03-01-2022പകൽ 11 മണി മുതൽ 13-01-2022പകൽ 5 മണി വരെ.

5. തടസ്സവാദങ്ങൾ പരിശോധിക്കുന്നതിനുള്ള തീയതിയും, സമയവും, സ്ഥലവും : 14-01-2022പകൽ 10 മണി മുതൽ 5 മണി വരെ സംഘം ആഫീസിൽ വച്ച്.

| | | | |
|---|---|---|---|
| 6. | അന്തിമ വോട്ടർപട്ടിക പ്രസിദ്ധപ്പെടുത്തുന്ന സ്ഥലവും, തീയതിയും | : | 15-01-2022പകൽ 11 മണിക്ക് സംഘം ആഫീസ് നോട്ടീസ് ബോർഡിൽ. |
| 7. | നാമനിർദ്ദേശപത്രിക നേരിട്ട് സമർപ്പിക്കുന്നതിനുള്ള സ്ഥലവും, തീയതിയും, സമയവും. | : | 20-01-2022പകൽ 11 മണി മുതൽ 1 മണി വരെ സംഘം ആഫീസിൽ വച്ച്. |
| 8 | പത്രികകൾ സൂക്ഷ്മപരിശോധനയ്ക്കുള്ള തീയതിയും, സമയവും. | : | 21-01-2022പകൽ 11 മണി മുതൽ സംഘം ആഫീസിൽ വച്ച് |
| 9 | പത്രികകൾ പിൻവലിക്കുന്നതിനുള്ള തീയതിയും, സമയവും. | : | 22-01-2022പകൽ 5 മണി വരെ സംഘം ആഫീസിൽ വച്ച്. |
| 10 | വോട്ടെടുപ്പ് വേണ്ടി വരുന്നപക്ഷം വോട്ടെടുപ്പ് നടത്തുന്ന സ്ഥലവും, തീയതിയും, സമയവും. | : | 2022 ഫെബ്രുവരി മാസം 7-ാം തീയതി തിങ്കളാഴ്ച പകൽ 10 മണി മുതൽ 4 മണി വരെ തിരുവനന്തപുരം വെള്ളയമ്പലത്തുള്ള കേര ഫെഡ് ഹെഡ് ആഫീസിൽ വച്ച്. |

*(പ്രത്യേക ശ്രദ്ധയ്ക്ക് :വിജ്ഞാപനത്തിന്റെ കുറിപ്പ് ഭാഗം സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്)*

**എസ്.എച്ച് ജയകേശൻ**
**സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ**

**കുറിപ്പ്**

1. അന്തിമ വോട്ടർ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള അംഗങ്ങൾക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരിക്കുകയുള്ളു.
2. വോട്ടർ പട്ടികയുടെ പകർപ്പുകൾ സംഘം നിശ്ചയിക്കുന്ന വിലയ്ക്ക്, സംഘം ആഫീസിൽ നിന്നും 15-01-2022മുതൽ പ്രവർത്തിദിവസങ്ങളിൽ ലഭിക്കുന്നതാണ്.
3. നാമനിർദ്ദേശപത്രിക (ഫോറം നമ്പർ-36) വരണാധികാരിയിൽനിന്നും 15-01-2022മുതൽ പ്രവർത്തി സമയങ്ങളിൽ ലഭിക്കുന്നതാണ്.
4. നാമനിർദ്ദേശ പത്രികയോടൊപ്പം സ്ഥാനാർത്ഥികൾ 250 രൂപ സംഘത്തിൽ കെട്ടിവയ്ക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗത്തിൽ ഉൾപ്പെട്ടിട്ടുള്ള സ്ഥാനാർത്ഥികൾ 125 രൂപ സംഘത്തിൽ കെട്ടിവച്ചാൽ മതിയാകുന്നതാണ്. പ്രാതിനിധ്യ പൊതുയോഗത്തിലേക്ക് മത്സരിക്കുന്ന സ്ഥാനാർത്ഥികൾ 100 രൂപ സംഘത്തിൽ കെട്ടിവയ്ക്കേണ്ടതാണ്.
5. പട്ടികജാതി/പട്ടികവർഗ്ഗ സംവരണ സീറ്റിലേക്ക് മത്സരിക്കുന്നവർ ജാതി തെളിയിക്കുന്നതിന് ബന്ധപ്പെട്ട റവന്യൂ അധികാരികളിൽനിന്നും ലഭിച്ച സാക്ഷ്യപത്രമോ 07.10.2021 തീയതിയിലെ G.O(P)1/2021/PIE & MD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള രേഖകളോ ഹാജരാക്കിയിരിക്കേണ്ടതാണ്.
6. സ്ഥാനാർത്ഥികളുടെ യോഗ്യത നിർണ്ണയിക്കപ്പെടുന്നത് സഹകരണ നിയമത്തിലെ പ്രസക്തമായ വകുപ്പുകൾക്കും, ചട്ടങ്ങൾക്കും, സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകൾക്കും, സഹകരണ സംഘം നിയമാവലിക്കും വിധേയമായിട്ടായിരിക്കും.
7. ഒരു സ്ഥാനാർത്ഥി ഒന്നിലധികം സ്ഥാനങ്ങളിലേക്ക് ഒന്നിലധികം നാമനിർദ്ദേശപത്രിക സമർപ്പിക്കാവുന്നതല്ല
8. വോട്ടവകാശ വിനിയോഗത്തിന് അംഗങ്ങൾ സംഘം നൽകിയിട്ടുള്ള 6-A ഫോറത്തിലുള്ള തിരിച്ചറിയൽ കാർഡിന് പുറമേ ഇൻഡ്യൻ തെരഞ്ഞെടുപ്പ് കമ്മീഷന്റെ തിരിച്ചറിയൽ കാർഡ്/ആധാർ കാർഡ്/റേഷൻ കാർഡ്/ഡ്രൈവിംഗ് ലൈസൻസ്/തൊഴിലുടമ നൽകുന്ന തിരിച്ചറിയൽ കാർഡ്/ സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ചിട്ടുള്ള തിരിച്ചറിയൽ കാർഡ് ഇവയിൽ ഏതെങ്കിലും കൂടി ഹാജരാക്കേണ്ടതാണ്. സംഘം നൽകുന്ന തിരിച്ചറിയൽ കാർഡ് വിതരണം വോട്ടെടുപ്പിന് രണ്ടു ദിവസം മുമ്പ് നിർത്തിവയ്ക്കുന്നതാണ്. തിരിച്ചറിയൽ കാർഡുകൾ ഹാജരാക്കുന്നവർക്ക് മാത്രമേ വോട്ടുചെയ്യാൻ അർഹതയുള്ളു.
9. "അപ്പക്സ്/ഫെഡറൽ സംഘങ്ങളുടെ ഭരണസമിതി തെരഞ്ഞെടുപ്പിന്റെ കാര്യത്തിൽ അംഗസംഘങ്ങളിലെ പ്രതിനിധികൾ, അവരെ പ്രതിനിധിയായി തെരഞ്ഞെടുത്ത ബന്ധപ്പെട്ട ഭരണസമിതി തീരുമാനത്തിന്റെ പകർപ്പ്, "ശരിപ്പകർപ്പ്" എന്ന രേഖപ്പെടുത്തലോടു കൂടി സംഘത്തിന്റെ/ബാങ്കിന്റെ പ്രസിഡന്റ്/സെക്രട്ടറിയും അതാത് ഭരണസമിതിയിലെ രണ്ട് ഭരണസമിതി അംഗങ്ങളും ചേർന്ന് കൈയൊപ്പ് രേഖപ്പെടുത്തി സംഘത്തിന്റെ/ബാങ്കിന്റെ ഔദ്യോഗിക മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയും കൂടാതെ സംഘം / ബാങ്ക് നാമനിർദ്ദേശം ചെയ്യുന്ന പ്രതിനിധിയുടെ കൈയൊപ്പ് സംഘത്തിന്റെ/ ബാങ്കിന്റെ പ്രസിഡന്റ്/സെക്രട്ടറി "അറ്റസ്റ്റഡ്" എന്ന രേഖപ്പെടുത്തലും കൈയൊപ്പോടും കൂടി സംഘത്തിന്റെ/ബാങ്കിന്റെ ഔദ്യോഗിക മുദ്ര പതിപ്പിച്ച് സാക്ഷ്യപ്പെടുത്തിയും നാമനിർദ്ദേശപത്രികയോടൊപ്പം സമർപ്പിച്ചിരിക്കേണ്ടതാണ്."
10. തെരഞ്ഞെടുപ്പിന് അംഗസ്ഥാപനങ്ങൾക്ക് അപ്പക്സ്/സെൻട്രൽ/ഫെഡറൽ സംഘം അയച്ചുതരുന്ന അധികാരപത്രം ശരിയായി പൂരിപ്പിച്ച്, ഫോട്ടോ പതിച്ചത് ക്രമപ്രകാരം സാക്ഷ്യപ്പെടുത്തി ഒരു കോപ്പി തെരഞ്ഞെടുപ്പിന് രണ്ട് ദിവസം മുമ്പായി അപ്പക്സ്/സെൻട്രൽ/ഫെഡറൽ സംഘത്തിന്റെ ഹെഡ് ആഫീസിൽ ലഭിക്കത്തക്കവിധം അയച്ചുകൊടുക്കേണ്ടതും മറ്റൊരു പകർപ്പ്, അംഗസ്ഥാപനത്തിൽനിന്നും നൽകിയിട്ടുള്ള 6-A തിരിച്ചറിയൽ കാർഡ് സഹിതം വോട്ട് രേഖപ്പെടുത്തുന്നതിനായി നേരിട്ട് ഹാജരാക്കേണ്ടതുമാണ്.
11. വോട്ടെണ്ണൽ പൂർത്തിയാകുമ്പോൾ റിട്ടേണിംഗ് ഓഫീസർ ഫലം പ്രഖ്യാപിക്കുന്നതാണ്. തുല്യം വോട്ടുകൾ വരുന്നപക്ഷം റിട്ടേണിംഗ് ഓഫീസർ നറുക്കെടുപ്പ് നടത്തി ഫലം നിർണ്ണയിക്കുന്നതുമാണ്.
12. തെരഞ്ഞെടുപ്പ് കുറ്റകൃത്യങ്ങൾ നിയമപ്രകാരം ശിക്ഷാർഹമാണ്.
13. തെരഞ്ഞെടുപ്പ് സംബന്ധിച്ച് സന്ദർഭോചിതമായിവരുന്ന നിർദ്ദേശങ്ങളും അറിയിപ്പുകളും അതാതു സമയം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്.